# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*387 13.11.2019 ലെ മറുപടി

## നദികളുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനുമായി പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി.കെ.ഹരീന്ദ്രൻ<br>"സജി ചെറിയാൻ<br>ശ്രീമതി വീണാജോർജ്ജ്<br>ശ്രീ.മുരളി പെരുനെല്ലി | | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നദികളുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനുമായി ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;<br><br>(ബി) നദികളുടെയും ജലാശയങ്ങളുടെയും സംരക്ഷണത്തിന്റെ ആവശ്യകത പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനും നദീസംരക്ഷണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ)<br>യും<br>(ബി)<br>യും | വിവിധ കാരണങ്ങളാൽ നാശോന്മുഖമായി-ക്കൊണ്ടിരിക്കുന്ന കേരളത്തിലെ നദികളെ ഗുണനിലവാരമുള്ള നീരൊഴുക്കുള്ള നദികളാക്കി/ ജലസ്രോതസ്സുകളാക്കി മാറ്റുന്നതിന് രണ്ട് വിധത്തിലുള്ള ഇടപെടലുകളാണ് നടത്തി വരുന്നത്. ഒന്ന്, പൊതുജനങ്ങളുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും, വിവിധ വകുപ്പുകളുടെയും, ജനപ്രതിനിധികളുടെയും ഏകോപനത്തോടുകൂടി ജനകീയമായി പുഴകളും ജലസ്രോതസ്സുകളും പുനരുജ്ജീവിപ്പിക്കുകയും തുടർന്ന് അവ സംരക്ഷിച്ച് നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക. രണ്ട്, സർക്കാർ വകുപ്പുകൾ/ ഏജൻസികൾ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള വിവിധ ഇടപെടലുകളാണ്. ഇതിന്റെ ഭാഗമായി നദികളിലും മറ്റ് ജലസ്രോതസ്സുകളിലും ജലലഭ്യതയും നീരൊഴുക്കും വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി നിലനിർത്തുന്നതിനുമുള്ള വിവിധ പ്രവൃത്തികൾ - റഗുലേറ്ററുകൾ, തടയണകൾ നിർമ്മിക്കുന്നു. ഇതിന് പുറമെ, ശാസ്ത്രീയമായ ജലവിഭവസംരക്ഷണവും വിനിയോഗവും സാധ്യമാക്കുന്നതിന് നീർത്തടാടിസ്ഥാനത്തിലുള്ള |

ആസൂത്രണവും നടത്തിവരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും നീർത്തടപ്ലാനുകൾ തയ്യാറാക്കി അതിൻപ്രകാരമുള്ള പ്രവൃത്തികളും ഏറ്റെടുത്ത് നിർവ്വഹിക്കുന്നുണ്ട്. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുവേണ്ടി ജനകീയ ബോധവൽക്കരണവും ജലസേചന വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി "ജലം ജീവാമൃതം" എന്ന ലഘുലേഖ തയ്യാറാക്കി ജലസംരക്ഷണത്തിന്റെ പ്രാധാന്യം നഗരഗ്രാമീണമേഖലകളിൽ എത്തിക്കുകയും കുടുംബശ്രീ യൂണിറ്റുകൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവരുടെ സഹകരണത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

റിവർമാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നദീതീരസംരക്ഷണ പദ്ധതികൾ നിർവ്വഹിക്കുന്ന പ്രവർത്തനമാണ് ജലസേചന വകുപ്പ് മുഖേന നടക്കുന്നത്. പൊതു ആവശ്യവും നിർദ്ദേശങ്ങളും മുൻനിർത്തിയാണ് പ്രസ്തുത ഫണ്ട് ഉപയോഗിച്ച് സംരക്ഷണപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതും നിർവ്വഹിക്കുന്നതും. നിലവിൽ നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികൾ പൊതുവിൽ പ്രയോജനകരമാണ്.

കേരളത്തിൽ മലിനീകരിക്കപ്പെട്ടതായി കണ്ടെത്തിയ 21 നദീഭാഗങ്ങളുടെ കർമ്മ പദ്ധതികൾ തയ്യാറാക്കുവാൻ O.A.No. 673/2018 ൽ ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിട്ടിരുന്നു. അപ്രകാരം തയ്യാറാക്കിയ 21 നദീഭാഗങ്ങളുടേയും കർമ്മ പദ്ധതികൾ ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിലും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിലും സമർപ്പിച്ചിട്ടുണ്ട്. ഇതിൽ

കരമന നദിയുടെ കർമ്മ പദ്ധതി അംഗീകരിച്ചിട്ടുണ്ട്.

(സി) വരട്ടാർ പുനരുജ്ജീവനത്തിന്റെ മാതൃകയിൽ മറ്റ് ഏതെല്ലാം ആറുകളുടെ പുനരുജ്ജീവനമാണ് ജനകീയമായി ഏറ്റെടുത്ത് നടപ്പിലാക്കിയത്;

ഹരിതകേരളമിഷന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകൾ ജനകീയപങ്കാളിത്തത്തോടുകൂടി നിരവധി ജലസ്രോതസ്സുകളുടെ പുനരുജ്ജീവനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

കുട്ടംപേരൂർ പുഴ, കിള്ളിയാർ, കോലറയാർ, പൂന്തുർപുഴ, കടമ്പ്രയാർ, പാണ്ടിവയൽത്തോട് എന്നീ മലിനമായി കിടക്കുന്ന ജലസ്രോതസ്സുകൾ ശുചീകരിക്കുന്നതിന് നടപടി സ്വീകരിച്ചു. കോട്ടയം ജില്ലയിലെ മീനച്ചിലാർ, മീനന്തറയാർ, കൊടൂരാർ പുനസംയോജനം ജനകീയപങ്കാളിത്തത്തോടുകൂടി സാധ്യമാക്കി.

(ഡി) വരട്ടാർ പുനരുജ്ജീവനം സ്ഥായിയാക്കുന്നതിനുള്ള രണ്ടാംഘട്ട പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് മുന്നോടിയായുള്ള പാരിസ്ഥിതിക ആഘാത പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ഡി) നദികളുടെ സ്വാഭാവിക ഒഴുക്ക് പുനസ്ഥാപിക്കുന്ന പ്രവർത്തികൾക്ക് പാരിസ്ഥിതികാഘാതപഠനം ആവശ്യമില്ല എന്ന് 2016 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ Ministry of Environment forest and climate change നോട്ടിഫിക്കേഷൻ Appendix IX Clause VI - ൽ വ്യക്തമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ